**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1573 — 03.05.2017 ൽ മറുപടിയ്ക്ക്

## തടവുപുള്ളികൾക്ക് ശിക്ഷ ഇളവു ചെയ്തു നൽകാനുള്ള പട്ടിക

| | ചോദ്യം<br>ശ്രീ. വി. ടി. ബൽറാം | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ ജയിലുകളിലെ തടവുപുള്ളികൾക്ക് ശിക്ഷ ഇളവ് ചെയ്തു നൽകാനുള്ള ശിപാർശ സഹിതം ഒരു പട്ടിക ഉണ്ടാക്കി സർക്കാരിൽ നിന്ന് ഗവർണ്ണർക്ക് അയച്ചു നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | 28.12.2016-ൽ ചേർന്ന മന്ത്രിസഭാ യോഗം കേരളപ്പിറവിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം അർഹരായ തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് അനുവദിക്കുന്നതിന് ശുപാർശ ചെയ്ത് അംഗീകാരത്തിനായി 25.01.2017 ൽ ബഹു. ഗവർണർക്ക് സമർപ്പിച്ചു. |
| (ബി) | ഗവർണ്ണർക്ക് അയച്ചു നൽകിയ പട്ടികയ്ക്ക് അന്തിമ രൂപം നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | മുൻസർക്കാരിന്റെ കാലത്ത് 2015, 2016 വർഷങ്ങളിൽ ഇത്തരത്തിൽ ഏതെങ്കിലും പട്ടിക ജയിൽ വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക സർക്കാരിൽ നിന്നും ഗവർണ്ണർക്ക് അയച്ചു കൊടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) | മുൻസർക്കാരിന്റെ ഭരണകാലത്ത് 2015-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് അനുവദിക്കുന്നതിന് ശുപാർശ ചെയ്യാൻ 12.8.2015-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിക്കുകയും അംഗീകാരത്തിനായി ബഹു. ഗവർണർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ചില വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും പരാമർശം രേഖപ്പെടുത്തിയും ബഹു. ഗവർണ്ണർ ഫയൽ മടക്കി നൽകി. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ജയിൽ വകുപ്പ് തയ്യാറാക്കിയ പട്ടികയിൽ ഈ സർക്കാർ പുതിയതായി ആരെയെങ്കിലും ശിക്ഷാ ഇളവിനർഹരായി ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ആളുകളുടെ പേര് വിവരം മേശപ്പുറത്തുവെക്കുമോ ? | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് 2015-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 31.7.2015 തീയതിയിൽ യഥാർത്ഥ തടവു ശിക്ഷ അനുഭവിച്ചുവന്ന തടവുകാരിൽ മാനദണ്ഡ പ്രകാരം അർഹതയുള്ള തടവുകാർക്ക് നിശ്ചിത തോതിൽ പ്രത്യേക ഇളവ് അനുവദിക്കുന്നതിനാണ് ശുപാർശ ചെയ്യപ്പെട്ടത്. പ്രസ്തുത ലിസ്റ്റ് ബഹു. ഗവർണർ പുന:പരിശോധിക്കാൻ നിർദ്ദേശിച്ചപ്പോൾ 1.11.2016-ൽ യഥാർത്ഥ തടവു ശിക്ഷ അനുഭവിക്കുന്ന തടവുകാരിൽ നിന്ന് മുമ്പ് നിശ്ചയിച്ചിരുന്ന മാനദണ്ഡത്തിന് അനുസൃതമായി 1.11.2016-ൽ ജയിലിൽ ഉള്ളവർ ഉൾപ്പെടുന്ന പട്ടികയാണ് അയച്ചത്. |

സെക്ഷൻ ഓഫീസർ